എയ്ഡഡ് മേഖലയിൽ 2014-15-ൽ അനുവദിച്ച പ്ലസ് ടു സ്കൂളുകളിലെ പ്രവേശന നടപടി

122 (1178) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് മേഖലയിൽ 2014-15-ൽ അനുവദിച്ച പ്ലസ്ടു സ്കൂളുകളിലും അധിക ബാച്ചുകളിലും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചത് മെറിറ്റും സംവരണ തത്വങ്ങളും പാലിച്ചുകൊണ്ടായിരുന്നുവോ ; ഇത് ഉറപ്പാക്കാൻ സർക്കാർ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നുവോ ; വ്യക്തമാക്കാമോ ;

(ബി) ഏകജാലകം വഴിയുള്ള വിദ്യാർത്ഥി പ്രവേശനം നടത്താതിരുന്നതിന്റെ കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി അനുവദിച്ച പ്ലസ്ടു കോഴ്സുകൾക്ക് മൊത്തം എത്ര സീറ്റുകൾ ഉണ്ടായിരുന്നു ; അതിൽ എത്ര സീറ്റുകൾ ഇപ്പോഴും ബാക്കിനിൽപുണ്ട് ;

(ഡി) പുതുതായി അനുവദിച്ച പ്ലസ്ടു സ്കൂളുകളിലും ബാച്ചുകളിലും 2014-15-ൽ 40-ൽ കുറഞ്ഞ വിദ്യാർത്ഥികൾ ഉള്ള സ്കൂളുകൾ എത്രയാണ് ; അവയിൽ എയ്ഡഡ് മേഖലയിലുള്ളവ എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അതെ. നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതുതായി അനുവദിച്ച അധിക ബാച്ചുകളിലേക്കുള്ള പ്ലസ് വൺ പ്രവേശനം 2014-15 വർഷത്തേക്ക് പുറപ്പെടുവിച്ച പ്രോസ്പെക്ടസിൽ നിർദ്ദേശിക്കുന്നപ്രകാരം ഏകജാലക പ്രവേശനം മുഖേനയും പുതുതായി ആരംഭിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2014-15 അദ്ധ്യയന വർഷത്തേക്ക് മാത്രമായി ഏകജാലക പ്രവേശനം നിലവിൽ വരുന്നതിന് മുമ്പുണ്ടായിരുന്ന രീതിയിലും എന്നാൽ, സംവരണം തുടങ്ങിയ മറ്റ് കാര്യങ്ങളിൽ ടി പ്രോസ്പെക്ടസിലെ മാനദണ്ഡങ്ങൾക്കനുസരിച്ചുമാണ് പ്രവേശനം നടത്തിയത്. ഇക്കാര്യം ഉറപ്പാക്കുന്നതിനായി സർക്കാർ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതും ഹയർ സെക്കണ്ടറി ഡയറക്ടർ ഇക്കാര്യങ്ങൾ ഉറപ്പാക്കിയിട്ടുള്ളതുമാണ്.

(ബി) 2014-15 അദ്ധ്യായന വർഷത്തിൽ പുതുതായി അനുവദിച്ച സ്കൂളുകളിലേക്ക് മാത്രമാണ് ഏകജാലക സംവിധാനംവഴി പ്രവേശം നടത്താതിരുന്നത്. ഏകജാലക പ്രവേശനപ്രക്രിയ തുടങ്ങിക്കഴിഞ്ഞ സാഹചര്യത്തിൽ പുതിയ സ്കൂളുകളെക്കൂടി അതിനുള്ളിൽ ഉൾപ്പെടുത്തുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട് കാരണമാണ് ടി സ്കൂളിലേക്ക് ഏകജാലക സംവിധാനംവഴി പ്രവേശനം നടത്താത്തിരുന്നത്.

(സി) 21050. 1866 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ഡി) 5. എയ്ഡഡ് മേഖലയിൽ 2 സ്കൂളുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly